# 68/2025-M

| ചോദ്യ പുസ്തക അക്ഷര കോഡ് | A | ചോദ്യ പുസ്തക ക്രമ നമ്പർ |
|---|---|---|

**ചോദ്യങ്ങളുടെ ആകെ എണ്ണം : 100** **സമയം : 1 മണിക്കൂർ 30 മിനിട്ട്**

**പരമാവധി മാർക്ക് : 100**

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യ പുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യ പുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യ പുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യ പുസ്തക ക്രമനമ്പർ പുറംചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമ നമ്പർ ഇല്ലാത്ത ചോദ്യ പുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യ പുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യ ഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ.എം.ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷാ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

A

DO NOT WRITE HERE

1. ബൂർബൺ രാജവംശം ഏത് രാഷ്ട്രവുമായി ബന്ധപ്പെട്ടിരിക്കുന്നു?

(A) ഫ്രാൻസ് (B) റഷ്യ

(C) ചൈന (D) റോം

2. തീവ്രദേശീയ പ്രസ്ഥാനത്തിന് ഉദാഹരണമായ പാൻസ്ലാവ് പ്രസ്ഥാനത്തിന് നേതൃത്വം നൽകിയ രാജ്യം?

(A) ജർമ്മൻ (B) ഇറ്റലി

(C) സെർബിയ (D) ഹംഗറി

3. ആത്മവിദ്യാസംഘം സ്ഥാപിച്ചതാര്?

(A) പണ്ഡിറ്റ് കെ.പി. കറുപ്പൻ

(B) വാഗ്ഭടാനന്ദൻ

(C) വൈകുണ്ഠസ്വാമികൾ

(D) ചട്ടമ്പിസ്വാമികൾ

4. ചേരുംപടി ചേർക്കുക

| | |
|---|---|
| (a) ഇന്ത്യൻ നാഷ്ണൽ ആർമി | i) സി.ആർ.ദാസ് |
| (b) ഇന്ത്യൻ റിപ്പബ്ലിക്കൻ ആർമി | ii) ലാലാ ഹർദയാൽ |
| (c) സ്വരാജ് പാർട്ടി | iii) റാഷ് ബിഹാരി ബോസ് |
| (d) ഗദർ പാർട്ടി | iv) സൂര്യസെൻ |

(A) a – iv, b – iii, c – ii, d – i

(B) a – iii, b – iv, c – i, d – ii

(C) a – iv, b – ii, c – i, d – iii

(D) a – iii, b – iv, c – ii, d – i

5. 2025-ലെ പത്മവിഭൂഷൺ പുരസ്കാരത്തിനു അർഹയായ കുമുദിനി രജനീകാന്ത് ലഖിയ ഏത് മേഖലയിലാണ് പ്രശസ്തിയാർജിച്ചത്?

(A) സംഗീതം (B) നൃത്തം

(C) സാഹിത്യം (D) ചിത്രകല

6. താഴെ പറയുന്നവയിൽ ശരിയായ പ്രസ്താവന / പ്രസ്താവനകൾ തിരഞ്ഞെടുക്കുക.

(i) നീലം കർഷകരുമായി ബന്ധപ്പെട്ട് ഗാന്ധിജി നടത്തിയ സമരമായിരുന്നു ചമ്പാരൻ സത്യാഗ്രഹം

(ii) കർഷക തൊഴിലാളികളുമായി ബന്ധപ്പെട്ട് ഗാന്ധിജി നടത്തിയ സമരമായിരുന്നു അഹമ്മദാബാദിലെ സത്യാഗ്രഹം

(iii) തുണിമിൽ തൊഴിലാളികളുടെ പ്രശ്നപരിഹാരമായിരുന്നു ഗാന്ധിജി നടത്തിയ ഖേഡ സത്യാഗ്രഹത്തിന്റെ ലക്ഷ്യം.

(iv) സിവിൽ നിയമലംഘന പ്രസ്ഥാനവുമായി ബന്ധപ്പെട്ട് ഗാന്ധിജി സമ്പൂർണ മദ്യനിരോധനം നടപ്പിലാക്കാൻ ആവശ്യപ്പെട്ടു.

(A) i, ii, iii, iv എന്നിവയെല്ലാം ശരി

(B) i, ii, iii എന്നിവ മാത്രം ശരിയാണ്

(C) i, iii, iv എന്നിവ മാത്രം ശരിയാണ്

(D) i, iv എന്നിവ മാത്രം ശരിയാണ്

7. പശ്ചിമഘട്ടവും, പൂർവ്വഘട്ടവും സംഗമിക്കുന്ന പ്രദേശം

(A) പൊൻമുടി
(B) കൊടൈക്കനാൽ
(C) നീലഗിരി
(D) നെല്ലിയാമ്പതി

8. ആപേക്ഷിക ആർദ്രത കൂടുതൽ ഉള്ള, തണുത്ത നീണ്ട രാത്രികൾ ഇത് രൂപം കൊള്ളാൻ കാരണമാകുന്നു.

(A) തുഷാരം
(B) മൂടൽ മഞ്ഞ്
(C) ഉറഞ്ഞ മഞ്ഞ്
(D) നേർത്ത മഞ്ഞ്

9. ദേശീയ ജലപാത 3 (NW 3) ഏത് മുതൽ ഏത് വരെയാണ് ബന്ധിപ്പിക്കുന്നത്?

(A) അലഹബാദ് മുതൽ ഹാൽഡിയ വരെ

(B) കോട്ടപ്പുറം മുതൽ കൊല്ലം വരെ

(C) സാദിയ മുതൽ ദുബ്രി വരെ

(D) മുകളിൽ കൊടുത്തവയല്ല

10. താഴെ കൊടുത്തവയിൽ അവസാദ ശിലകൾക്ക് ഉദാഹരണങ്ങൾ ഏവ?

1. ചുണ്ണാമ്പ് കല്ല്
2. ഗ്രാനൈറ്റ്
3. കൽക്കരി
4. മാർബിൾ

(A) 1, 2
(B) 1, 3
(C) 2, 4
(D) 3, 4

11. ആകാശത്തിൽ പാളികൾ പോലെ കാണപ്പെടുന്ന മേഘം?

(A) സിറസ്
(B) ക്യുമുലസ്
(C) നിംബസ്
(D) സ്ട്രാറ്റസ്

12. അന സാഗർ തടാകം ഏതു സംസ്ഥാനത്തിലാണ്?

(A) ഗുജറാത്ത്
(B) രാജസ്ഥാൻ
(C) മദ്ധ്യപ്രദേശ്
(D) ജാർഖണ്ഡ്

13. ദക്ഷിണേന്ത്യയിലെ ആദ്യത്തെ ഇരുമ്പുരുക്ക് വ്യവസായശാല ഏത്?

(A) ഹിന്ദുസ്ഥാൻ സ്റ്റീൽ ലിമിറ്റഡ്
(B) ഇന്ത്യൻ അയൺ ആന്റ് സ്റ്റീൽ കമ്പനി
(C) വിശ്വേശ്വരയ്യ അയൺ ആന്റ് സ്റ്റീൽ വർക്സ് ലിമിറ്റഡ്
(D) ടാറ്റാ അയൺ ആന്റ് സ്റ്റീൽ കമ്പനി

14. ആഗോളവൽക്കരണം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്താണ്?

(A) രാജ്യങ്ങൾ തമ്മിലുള്ള ദ്രുത സംയോജന പ്രക്രിയയാണ്
(B) രാജ്യങ്ങൾക്കിടയിൽ കൂടുതൽ കൂടുതൽ സാധനങ്ങളുടെയും സേവനങ്ങളുടെയും നിക്ഷേപവും സാങ്കേതികവിദ്യയും നീങ്ങുന്നു.
(C) ലോകത്തിലെ മിക്ക പ്രദേശങ്ങളും പരസ്പരം അടുത്ത ബന്ധം പുലർത്തുന്നു.
(D) മുകളിൽപ്പറഞ്ഞവയെല്ലാം

15. വികേന്ദ്രീകൃത ആസൂത്രണത്തിന് തുടക്കം കുറിച്ച പഞ്ചവത്സര പദ്ധതി ഏത്?

(A) ഒമ്പതാം പഞ്ചവത്സര പദ്ധതി
(B) എട്ടാം പഞ്ചവത്സര പദ്ധതി
(C) ആറാം പഞ്ചവത്സര പദ്ധതി
(D) ഏഴാം പഞ്ചവത്സര പദ്ധതി

16. ഹരിതവിപ്ലവത്തിനെ കുറിച്ചുള്ള താഴെപ്പറയുന്ന പ്രസ്താവനകളിൽ ശരിയായത് ഏത്?

(i) അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങൾ ഉപയോഗിക്കുക

(ii) ഭക്ഷ്യധാന്യ ഉല്പാദനത്തിൽ വിദേശ ആശ്രയത്വം നേടിയെടുക്കുക

(iii) ആധുനിക ജലസേചന സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുക

(A) (i), (ii) എന്നിവ
(B) (ii), (iii) എന്നിവ
(C) (i), (iii) എന്നിവ
(D) (i), (ii), (iii) എന്നിവ

17. വാണിജ്യബാങ്കുകളുടെ ധർമ്മങ്ങളിൽ ഉൾപ്പെടാത്തത് ഏത്?

(A) നിക്ഷേപങ്ങൾ സ്വീകരിക്കുന്നു

(B) പണം അച്ചടിച്ചിറക്കുന്നു

(C) വായ്പകൾ നൽകുന്നു

(D) ലോക്കർ സൗകര്യം നൽകുന്നു

18. 2025 ഏപ്രിൽ 30 ന് ചുമതലയേറ്റ കേരളത്തിന്റെ അൻപതാമത്തെ ചീഫ്സെക്രട്ടറി.

(A) ശാരദാ മുരളീധരൻ

(B) എ. ജയതിലക്

(C) വി. വേണു

(D) വി.പി. ജോയ്

19. പഹൽഗാമിലെ ഭീകരാക്രമണത്തിനു തിരിച്ചടിയായി ഇന്ത്യ നടത്തിയ സൈനിക നടപടിയുടെ പേര്.

(A) ഓപ്പറേഷൻ വിജയ്

(B) ഓപ്പറേഷൻ ബ്രഹ്മ

(C) ഓപ്പറേഷൻ മേഘദൂത്

(D) ഓപ്പറേഷൻ സിന്ദൂർ

20. താഴെപ്പറയുന്ന പ്രസ്താവനകളിൽ ഇന്ത്യയുടെ ഭരണഘടന നിർമ്മാണ സഭയുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്താവന/പ്രസ്താവനകൾ ഏത്?

(i) 1946 ലെ ക്യാബിനറ്റ് മിഷൻ പദ്ധതിയിലെ നിർദ്ദേശങ്ങൾ അനുസരിച്ചാണ് ഇന്ത്യൻ ഭരണഘടന നിർമ്മാണ സഭ രൂപീകരിക്കപ്പെട്ടത്.

(ii) ഭരണഘടന നിർമ്മാണ സഭയിലേക്ക് അംഗങ്ങളെ തിരഞ്ഞെടുത്തത് ജനസംഖ്യക്ക് ആനുപാതികമായി പരോക്ഷ തെരഞ്ഞെടുപ്പ് സമ്പ്രദായത്തിലൂടെ ആയിരുന്നു.

(iii) 5 ലക്ഷം ജനങ്ങൾക്ക് ഒരാൾ എന്ന അനുപാതത്തിലാണ് ഭരണഘടന നിർമ്മാണ സഭയിലേക്ക് അംഗങ്ങളെ നിശ്ചയിച്ചത്.

(A) (i) (ii) മാത്രം

(B) (ii) (iii) മാത്രം

(C) (i) (iii) മാത്രം

(D) ഇവയെല്ലാം

21. ഇന്ത്യൻ ഭരണഘടനയിൽ ഉൾപ്പെടുത്തിയിരിക്കുന്ന മൗലികാവകാശങ്ങളുമായി ബന്ധപ്പെട്ട ചില വകുപ്പുകളും അവയുടെ വിവരണവും നൽകിയിരിക്കുന്നു. ചേരുംപടി ചേർക്കുക?

| | A | | B |
|---|---|---|---|
| 1 | വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുവാനും ഭരണം നടത്തുവാനും ന്യൂന പക്ഷങ്ങൾക്കുള്ള അവകാശം | A | വകുപ്പ് 18 |
| 2 | മതപരമായ കാര്യങ്ങളുടെ നടത്തിപ്പിനുള്ള സ്വാതന്ത്ര്യം | B | വകുപ്പ് 22 |
| 3 | സ്ഥാനപ്പേരുകൾ നിർത്തലാക്കൽ | C | വകുപ്പ് 26 |
| 4 | അറസ്റ്റിനും തടങ്കലിനും എതിരായ സംരക്ഷണം | D | വകുപ്പ് 30 |

(A) 1 – D, 2 – C, 3 – B, 4 – A

(B) 1 – D, 2 – B, 3 – A, 4 – C

(C) 1 – D, 2 – C, 3 – A, 4 – B

(D) 1 – B, 2 – C, 3 – D, 4 – A

22. ഇന്ത്യൻ സുപ്രീംകോടതിയുടെ 52-മത് ചീഫ് ജസ്റ്റിസിന്റെ പേരെന്താണ്?

(A) ആർ എസ് ഗവായി

(B) സഞ്ജീവ് ഖന്ന

(C) ബി ആർ ഗവായി

(D) ഡി വൈ ചന്ദ്രചൂഡ്

23. താഴെപ്പറയുന്ന പ്രസ്താവനകളിൽ ഇന്ത്യൻ ഭരണഘടനയിൽ ഉൾപ്പെടുത്തിയിരിക്കുന്ന സ്വത്തിനുള്ള അവകാശവുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന/ പ്രസ്താവനകൾ ഏത്?

(i) 1978 വരെ സ്വത്തിനുള്ള അവകാശം ഒരു മൗലികാവകാശമായിരുന്നു.

(ii) ഭരണഘടനയുടെ 30 എ വകുപ്പ് പ്രകാരം നിലവിൽ സ്വത്തിനുള്ള അവകാശം ഒരു നിയമപരമായ അവകാശം മാത്രമാണ്.

(iii) ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായിരുന്ന കാലത്താണ് സ്വത്തിനുള്ള അവകാശം മൗലികാവകാശങ്ങളുടെ പട്ടികയിൽ നിന്നും നീക്കം ചെയ്തത്.

(A) (i) മാത്രം

(B) (ii) മാത്രം

(C) (i) (iii) മാത്രം

(D) ഇവയെല്ലാം

24. താഴെപ്പറയുന്ന ഇനങ്ങളിൽ നിന്നും ഇന്ത്യൻ ഭരണഘടനയിലെ യൂണിയൻ ലിസ്റ്റിൽ ഉൾപ്പെട്ട വിഷയം കണ്ടെത്തുക?

(A) വിദ്യാഭ്യാസം
(B) വനം
(C) ഇൻഷുറൻസ്
(D) പോലീസ്

25. ഇന്ത്യൻ ഭരണഘടനയിൽ വരുത്തിയ ചില പ്രധാനപ്പെട്ട ഭരണഘടന ഭേദഗതികൾ ചുവടെ തന്നിരിക്കുന്നു. ചേരുംപടി ചേർക്കുക?

| | A | | B |
|---|---|---|---|
| 1 | 42 - മത് ഭേദഗതി | A | നഗരപ്രദേശങ്ങളിലെ പ്രാദേശിക ഗവൺമെന്റുകളെ സംബന്ധിച്ചത് |
| 2 | 61 - മത് ഭേദഗതി | B | മിനി ഭരണഘടന |
| 3 | 74 - മത് ഭേദഗതി | C | മന്ത്രിസഭയിലെ അംഗങ്ങളുടെ എണ്ണം പരിമിതപ്പെടുത്തുന്നത് സംബന്ധിച്ച് |
| 4 | 91 - മത് ഭേദഗതി | D | തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്യുന്നതിനുള്ള പ്രായം 21ൽ നിന്നും 18 ആയി കുറച്ചു |

(A) 1 – B, 2 – D, 3 – C, 4 – A
(B) 1 – B, 2 – C, 3 – A, 4 – D
(C) 1 – D, 2 – C, 3 – B, 4 – A
(D) 1 – B, 2 – D, 3 – A, 4 – C

26. കേരള സംസ്ഥാനത്തിലെ പഞ്ചായത്തുകളിലെയും മുനിസിപ്പാലിറ്റികളിലെയും വാർഡുകൾ വിഭജിച്ച് അവയുടെ അതിർത്തികൾ നിശ്ചയിക്കുക എന്ന ഉദ്ദേശ്യത്തോട് കൂടി 2024ൽ രൂപീകരിച്ച കേരള സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷന്റെ അധ്യക്ഷൻ ആരാണ്?

(A) എസ്. ഹരികിഷോർ
(B) എ. ഷാജഹാൻ
(C) പ്രണബ് ജ്യോതി നാഥ്
(D) രത്തൻ. യു

27. സ്റ്റേറ്റ് പബ്ലിക് സർവീസ് കമ്മീഷൻ ചെയർമാനെ നിയമിക്കുന്നതാര്?

(A) പ്രധാനമന്ത്രി
(B) മുഖ്യമന്ത്രി
(C) രാഷ്ട്രപതി
(D) ഗവർണ്ണർ

28. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ അന്തിമ ലക്ഷ്യം "പൂർണ സ്വരാജ്" ആണെന്ന് പ്രഖ്യാപിച്ച കോൺഗ്രസ് സമ്മേളനം നടന്നത് എവിടെ വെച്ചായിരുന്നു?

(A) കൽക്കത്ത (B) ഡൽഹി

(C) ബോംബെ (D) ലാഹോർ

29. ഇന്ത്യൻ ആദായനികുതി നിയമം 1961 പ്രകാരം കേന്ദ്ര സർക്കാർ പിരിക്കുന്ന പ്രത്യക്ഷ നികുതി ഏതാണ്?

(i) വ്യക്തിഗത ആദായ നികുതി

(ii) കോർപ്പറേറ്റ് നികുതി

(iii) കേന്ദ്ര ചരക്ക് സേവന നികുതി

(iv) സംയോജിത ചരക്ക് സേവന നികുതി

(A) (i) & (iv) (B) (iii) & (iv)

(C) (iv) (D) (i) & (ii)

30. താഴെ കൊടുത്ത പ്രസ്താവനകളിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ലക്ഷ്യങ്ങളുമായി യോജിക്കുന്നവ ഏതെല്ലാം?

(i) ഗ്രാമ പ്രദേശങ്ങളിൽ അധിവസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തിൽ കുറയാത്ത അവിദഗ്ദ്ധ കായിക തൊഴിൽ ആവശ്യാനുസരണം ഉറപ്പാക്കുക

(ii) ദരിദ്രരുടെ ഉപജീവനവുമായി ബന്ധപ്പെട്ട് വിഭവാടിത്തറ ശക്തിപ്പെടുത്തുക

(iii) സാമൂഹികമായി പിന്നോക്കം നിൽക്കുന്ന എല്ലാ കുടുംബങ്ങളെയും പദ്ധതിയിൽ ചേർക്കുക

(A) (i) & (ii) (B) (i), (ii) & (iii)

(C) (ii) & (iii) (D) (i) & (iii)

31. താഴെ കൊടുത്ത പ്രസ്താവനകളിൽ സർക്കാർ ധന നയത്തിന്റെ ലക്ഷ്യങ്ങളുമായി യോജിക്കുന്നവ ഏതെല്ലാം?

(i) സാമ്പത്തിക സ്ഥിരത കൈവരിക്കുക

(ii) തൊഴിലവസരങ്ങൾ സൃഷ്ടിക്കുക

(iii) അനാവശ്യ ചെലവുകൾ നിയന്ത്രിക്കുക

(A) (i) & (ii) (B) (i), (ii) & (iii)

(C) (i) & (iii) (D) ഇവ ഒന്നുമല്ല

32. 2024 ജൂലൈ 15 മുതൽ ഇന്ത്യയുടെ വിദേശകാര്യ സെക്രട്ടറിയായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത് ആര്?

(A) വിക്രം മിസ്രി

(B) വിനയ് മോഹൻ ക്വാത്ര

(C) വിജയ് കേശവ് ഗോഖലെ

(D) എസ്. ജയശങ്കർ

33. ബൗദ്ധിക വെല്ലുവിളി നേരിടുന്നവരുടെ സമഗ്ര വികസനത്തിനായി കേരള സർക്കാർ അംഗീകരിച്ച കരിക്കുലത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ പരിശീലനം, നൈപുണ്യ വികസനം എന്നിവ നൽകുന്നതിനായി സാമൂഹ്യ നീതി വകുപ്പ് നടപ്പിലാക്കാൻ തീരുമാനിച്ച പദ്ധതി

(A) പ്രചോദനം പദ്ധതി

(B) മന്ദഹാസം പദ്ധതി

(C) പ്രതിഭാ പദ്ധതി

(D) പരിണയം പദ്ധതി

34. 2023 ലെ ഗ്രീൻ ഹൈഡ്രജനെക്കുറിച്ചുള്ള അന്താരാഷ്ട്ര സമ്മേളനത്തിന് വേദിയായ നഗരം ഏത്?

(A) മൈസൂർ

(B) ബാംഗ്ലൂർ

(C) പൂനെ

(D) ന്യൂഡൽഹി

35. എന്താണ് ക്യൂണി കൾച്ചർ?

(A) കൂൺ വളർത്തൽ

(B) മുയൽ വളർത്തൽ

(C) പക്ഷി വളർത്തൽ

(D) കാട വളർത്തൽ

36. റോബർട്ട് ബ്രൗൺ എന്ന ശാസ്ത്രജ്ഞനുമായി ബന്ധപ്പെട്ട് താഴെ കൊടുത്തിരിക്കുന്നവയിൽ ശരിയായ പ്രസ്താവന ഏത്?

(A) ജന്തു ശരീരം കോശങ്ങളാൽ നിർമ്മിതമാണെന്ന് കണ്ടെത്തി

(B) വിഭജിക്കുന്ന കോശങ്ങളെ നിരീക്ഷിച്ചു

(C) കോശകേന്ദ്രം കണ്ടെത്തി

(D) സസ്യശരീരം കോശങ്ങളാൽ നിർമ്മിതമാണെന്ന് കണ്ടെത്തി

37. എന്താണ് പിനംഗ സബ്ടെറേനിയ?

(A) ഒരു അപൂർവ്വ ഇനം ഈന്തപ്പന

(B) ഒരു ഇനം മുളവൃക്ഷം

(C) മത്സ്യങ്ങളിലെ ഒരു ഇനം

(D) ഒരു ഇനം സൂര്യകാന്തി

38. രക്തത്തിലെ പ്ലാസ്മയിൽ കാണപ്പെടുന്ന ഒരു പ്രോട്ടീൻ

(A) ട്രോപോനിൽ

(B) ഗ്ലോബുലിൻ

(C) ഗാസ്ട്രിൻ

(D) ഗ്ലൂക്കഗോൺ

39. ചുവടെ കൊടുത്തിരിക്കുന്നവയിൽ ബാക്ടീരിയ രോഗം അല്ലാത്തത് ഏത്?

(A) ക്ഷയരോഗം

(B) ഡിഫ്തീരിയ

(C) ആന്ത്രാക്സ്

(D) മീസിൽസ്

40. ഗവൺമെന്റ് ആശുപത്രികളിൽ രോഗികൾക്ക് ഗുണമേന്മയും സൗഹാർദപരമായ സേവനവും ലഭ്യമാക്കുന്ന പദ്ധതിയാണ്

(A) ആർദ്രം

(B) ആശ്വാസ കിരൺ

(C) സാന്ത്വനം

(D) താലോലം

41. വിറ്റാമിൻ-ഡി യുടെ കുറവ് മൂലമുണ്ടാകുന്ന ഒരു രോഗം

(A) നിശാന്ധത

(B) വായ്പ്പുണ്ണ്

(C) സ്കർവി

(D) കണരോഗം

42. ഭൂഗുരുത്വാകർഷണ ത്വരണം (g) യുടെ മൂല്യം ഏറ്റവും ഉയർന്നിരിക്കുന്നത് എവിടെയാണ്?

(A) ഭൂമിയുടെ കേന്ദ്രത്തിൽ

(B) ധ്രുവ പ്രദേശങ്ങളിൽ

(C) ഭൂമദ്ധ്യരേഖാ പ്രദേശങ്ങളിൽ

(D) ഭൗമോപരിതലത്തിൽ നിന്നും 'h' ഉയരത്തിൽ

43. ചലിച്ചുകൊണ്ടിരിക്കുന്ന ദ്രാവകപടലങ്ങൾക്കിടയിൽ അനുഭവപ്പെടുന്ന ഘർഷണ ബലമാണ് ————

(A) പ്രതലബലം (B) അഡ്ഹീഷൻ ബലം

(C) ശ്യാനബലം (D) കൊഹീഷ്യൻ ബലം

44. സമവർത്തുള ചലനത്തിൽ മാറ്റമില്ലാതെ തുടരുന്നത് താഴെ പറയുന്നവയിൽ ഏതാണ്?

(A) വേഗത (B) പ്രവേഗം

(C) ത്വരണം (D) ആക്കം

45. ലോക ബാങ്ക് പ്രസിഡണ്ടായി നിയമിതനായ ഇന്ത്യൻ വംശജൻ

(A) വിജയ് ശർമ (B) അജയ് ശർമ

(C) വിജയ് ബംഗ (D) അജയ് ബംഗ

46. 2023 -ൽ C.V. കുഞ്ഞിരാമൻ സാഹിത്യ പുരസ്കാരം ലഭിച്ചത് ആർക്ക്?

(A) പി. സച്ചിദാനന്ദൻ (B) കെ.സച്ചിദാനന്ദൻ

(C) പെരുമ്പടവം ശ്രീധരൻ (D) ബെന്യാമിൻ

47. താഴെ തന്നിരിക്കുന്ന പ്രസ്താവനകൾ ആരുടെ മൂലക വർഗ്ഗീകരണവുമായി ബന്ധപ്പെട്ടിരിക്കുന്നു.

(i) സമാനഗുണങ്ങളുള്ള മൂലകങ്ങളെ ഒരു ഗ്രൂപ്പിൽ ഉൾപ്പെടുത്തി.

(ii) 18 ഗ്രൂപ്പുകളും 7 പിരിയഡുകളും ഉണ്ട്.

(iii) മൂലകങ്ങളെ അറ്റോമിക നമ്പറിന്റെ ആരോഹണക്രമത്തിൽ ക്രമീകരിച്ചു.

(iv) ഹൈഡ്രജൻ ആറ്റത്തിന് കൃത്യമായ സ്ഥാനം നൽകിയില്ല.

(A) ദിമിത്രി ഇവാനോവിച്ച് മെൻഡലിവ്

(B) ലോതർ മേയർ

(C) അലക്സാണ്ടർ ന്യൂലാൻഡ്സ്

(D) ഹെൻറി മോസ്‌ലി

48. ഒരു അക്വേറിയത്തിന്റെ ചുവട്ടിൽ നിന്ന് ഉയരുന്ന വായുകുമിളയുടെ വലുപ്പം മുകളിലേക്ക് എത്തുംതോറും കൂടിവരുന്നു. ഈ പ്രതിഭാസം ഏത് വാതക നിയമം ഉപയോഗിച്ച് വിശദീകരിക്കാം?

(A) ബോയിൽ നിയമം
(B) ചാൾസ് നിയമം
(C) ജൂൾ നിയമം
(D) അവോഗാഡ്രോ നിയമം

49. നിർവീര്യലായകമായ ജലത്തിന്റെ $P^H$ മൂല്യം 7 ആണ്. ജലത്തിലേക്ക് അൽപ്പം ആസിഡ് ചേർത്താൽ ലായനിയുടെ $P^H$ ന് എന്ത് മാറ്റമുണ്ടാകുന്നു?

(A) 7 നേക്കാൾ കൂടുന്നു
(B) 7 നേക്കാൾ കുറയുന്നു
(C) 7
(D) ഇവയൊന്നുമല്ല

50. 2024 ലെ രസതന്ത്ര നൊബേൽ പുരസ്ക്കാരത്തുകയുടെ പകുതി ലഭിച്ചത് ആർക്കാണ്?

(A) ഡെമിസ് ഹസ്സബിസ്
(B) ജോൺ ജമ്പർ
(C) ഡേവിഡ് ബേക്കർ
(D) വിക്ടർ ആംബ്രോസ്

51. ഏതു സംഘടനയാണ് “പ്ലാനറ്റ് ഓൺ ദി മൂവ്” എന്ന പേരിൽ റിപ്പോർട്ട് പുറത്തിറക്കിയത്?

(A) IUCN
(B) ISRO
(C) NASA
(D) WWF

52. ചുവടെ തന്നിരിക്കുന്ന പ്രസ്താവനകളിൽ ശരിയായത്/ശരിയായവ തിരിച്ചറിയുക. പ്രസ്താവന:

A. 19-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ സ്വാതിതിരുനാളിന്റെ കാലഘട്ടത്തിലാണ് തിരുവിതാംകൂറിൽ കർണ്ണാടക സംഗീതം പ്രചരിച്ചു തുടങ്ങിയത്

B. പ്രസ്തുത കാലഘട്ടത്തിൽ കർണ്ണാടക സംഗീതം രാജകീയ സദസ്സുകളിൽ മാത്രമായിരുന്നു പ്രചാരം നേടിയിരുന്നത്.

(A) പ്രസ്താവന A ശരിയാണ് എന്നാൽ B ശരിയല്ല
(B) പ്രസ്താവന A തെറ്റാണ് എന്നാൽ B ശരിയാണ്
(C) പ്രസ്താവന A യും B യും ശരിയാണ്
(D) പ്രസ്താവന A യും B യും തെറ്റാണ്

53. 2025 ൽ നടന്ന IPL ക്രിക്കറ്റ് ലീഗിൽ തന്റെ ആദ്യ മൽസരത്തിൽ തന്നെ 5 വിക്കറ്റ് നേട്ടം സ്വന്തമാക്കി ശ്രദ്ധേയനായ മലയാളി ക്രിക്കറ്റ് താരം ആരായിരുന്നു?

(A) വിഷ്ണു വിനോദ്

(B) വിഘ്നേശ് പുത്തൂർ

(C) സച്ചിൻ ബേബി

(D) ഭാസിൽ തമ്പി

54. ചുവടെ തന്നിരിക്കുന്ന പ്രസ്താവനകളിൽ ശരിയായത്/ശരിയായവ തിരിച്ചറിയുക. പ്രസ്താവന:

A. 'വിലാപം', 'വിശ്വരൂപം' തുടങ്ങിയ രചനകളിലൂടെ മലയാള കവിതയ്ക്ക് പുതിയ മുഖം നൽകിയ എഴുത്തുകാരനായിരുന്നു വി.സി. ബാലകൃഷ്ണ പണിക്കർ

B. വി.സി. ബാലകൃഷ്ണ പണിക്കരെ ശ്രദ്ധേയനാക്കിയ അദ്ദേഹത്തിന്റെ മറ്റൊരു കൃതിയായിരുന്നു 'മലയാള വിലാസം'

(A) പ്രസ്താവന A ശരിയാണ് എന്നാൽ B ശരിയല്ല

(B) പ്രസ്താവന A ശരിയല്ല എന്നാൽ B ശരിയാണ്

(C) പ്രസ്താവന A യും B യും ശരിയാണ്

(D) പ്രസ്താവന A യും B യും ശരിയല്ല

55. ചുവടെ തന്നിരിക്കുന്ന പ്രസ്താവനകളിൽ ശരിയായത്/ശരിയായവ തിരിച്ചറിയുക. പ്രസ്താവന:

A. മലയാളത്തിലെ ആദ്യ ശബ്ദ ചിത്രമായ 'വിഗതകുമാരൻ' റിലീസ് ചെയ്തത് 1938ൽ ആയിരുന്നു.

B. ആലപ്പി വിൻസെന്റ് ആയിരുന്നു 'വിഗതകുമാരൻ' എന്ന ചിത്രത്തിന് ശബ്ദം നൽകിയത്.

(A) പ്രസ്താവന A ശരിയാണ് എന്നാൽ B ശരിയല്ല

(B) പ്രസ്താവന A ശരിയല്ല എന്നാൽ B ശരിയാണ്

(C) പ്രസ്താവന A യും B യും ശരിയാണ്

(D) പ്രസ്താവന A യും B യും ശരിയല്ല

56. 2025 മെയ്മാസത്തിൽ പാക്കിസ്ഥാനെതിരെ ഇന്ത്യ നടത്തിയ സൈനിക നടപടിയായ ഓപ്പറേഷൻ സിന്ദൂറിനെ കുറിച്ച് പത്ര സമ്മേളനം നടത്തിയ ഇന്ത്യൻ വനിതാ സൈനിക ഉദ്യോഗസ്ഥർ ആരൊക്കെയായിരുന്നു?

(A) കേണൽ സോഫിയ ഖുറേഷിയും
ലഫ്. ജനറൽ പുനിത അറോറയും

(B) വിങ്ങ് കമാണ്ടർ വ്യോമികാ സിങ്ങും
എയർ മാർഷൽ പത്മ ബന്ധോപാധ്യായയും

(C) ലഫ്. ജനറൽ പുനിത അറോറയും
വിങ്ങ് കമാണ്ടർ വ്യോമികാ സിങ്ങും

(D) കേണൽ സോഫിയ ഖുറേഷിയും
വിങ്ങ് കമാണ്ടർ വ്യോമികാ സിങ്ങും

57. ചുവടെ തന്നിരിക്കുന്ന പ്രസ്താവനകളിൽ ശരിയായത്/ശരിയായവ തിരിച്ചറിയുക
പ്രസ്താവന:

A. മലയാള രാഷ്ട്രീയ പത്രപ്രവർത്തനത്തിനു തുടക്കം കുറിച്ചത് ചെങ്കുളത്തു കുഞ്ഞിരാമ മോനോൻ ആയിരുന്നു.

B. 1884 ൽ ചെങ്കുളത്തു കുഞ്ഞിരാമ മേനോന്റെ പത്രാധിപത്യത്തിൽ വടകരയിൽ നിന്നും പ്രവർത്തനമാരംഭിച്ച പത്രമായിരുന്നു കേരള കേസരി.

(A) പ്രസ്താവന A ശരിയാണ് എന്നാൽ B ശരിയല്ല

(B) പ്രസ്താവന A ശരിയല്ല എന്നാൽ B ശരിയാണ്

(C) പ്രസ്താവന A യും B യും ശരിയാണ്

(D) പ്രസ്താവന A യും B യും ശരിയല്ല

58. ചുവടെ തന്നിരിക്കുന്ന പ്രസ്താവനകളിൽ ശരിയായത്/ശരിയായവ തിരിച്ചറിയുക.
പ്രസ്താവന:

A. കേരളത്തിൽ നമ്പൂതിരി ബ്രാഹ്മണൻമാർക്കിടയിൽ സാമൂഹിക പരിഷ്കരണം ലക്ഷ്യമായി 'ആരംഭിച്ച യോഗക്ഷേമ സഭ' നിലവിൽ വന്നത് 1908 ലാണ്.

B. തൃശ്ശൂരിൽ വച്ചു ചേർന്ന യോഗക്ഷേമ സഭയുടെ വാർഷിക യോഗത്തിലാണ് യുവജന സംഘം രൂപീകരിക്കപ്പെട്ടത്.

(A) പ്രസ്താവന A ശരിയാണ് എന്നാൽ B ശരിയല്ല

(B) പ്രസ്താവന A ശരിയല്ല എന്നാൽ B ശരിയാണ്

(C) പ്രസ്താവന A യും B യും ശരിയാണ്

(D) പ്രസ്താവന A യും B യും ശരിയല്ല

59. .............. നു ഉദാഹരണമാണ് ആന്റി വൈറസ് സോഫ്റ്റ്‌വെയർ

(A) ഓപ്പറേറ്റിംഗ് സിസ്റ്റം

(B) ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ

(C) യൂട്ടിലിറ്റി സോഫ്റ്റ്‌വെയർ

(D) ഫ്രീ സോഫ്റ്റ്‌വെയർ

60. കോഡ് വ്യത്യാസപ്പെടുത്തുന്നത് വരെ ഉള്ളടക്കം മാറാതെ നിൽക്കുന്ന വെബ് പേജുകളെ ......... എന്ന് വിളിക്കുന്നു.

(A) സ്റ്റാറ്റിക് വെബ് പേജ്

(B) ഡൈനാമിക് വെബ് പേജ്

(C) ഓർഡിനറി വെബ് പേജ്

(D) ഇതൊന്നുമല്ല

61. എക്സൽ 2010ൽ കണക്കു കൂട്ടലുകൾ നടത്തുമ്പോൾ സെൽ റഫറൻസ് തെറ്റായി കൊടുക്കുന്നത് മൂലം കാണിക്കുന്ന സന്ദേശം എന്ത്?

(A) #####

(B) #NAME?

(C) #VALUE!

(D) #NULL!

62. ഇന്ത്യയിലെ ആദ്യത്തെ കമ്പ്യൂട്ടർ സാക്ഷരത നേടിയ ജില്ല ഏത്?

(A) തിരുവനന്തപുരം

(B) കോട്ടയം

(C) മലപ്പുറം

(D) കോഴിക്കോട്

63. ഇന്ത്യയിൽ സ്ഥാപിക്കപ്പെട്ട ആദ്യത്തെ ഐ ടി പാർക്ക് ഏത്?

(A) ഇൻഫോടെക് പാർക്ക് മുംബൈ

(B) ഇൻഫോപാർക്ക് കൊച്ചി

(C) ടെക്നോപാർക്ക് തിരുവനന്തപുരം

(D) ഇലക്ട്രോണിക് സിറ്റി പാർക്ക് ബംഗളൂരു

64. 2005 -ലെ വിവരാവകാശ നിയമമനുസരിച്ച് താഴെപ്പറയുന്നതിൽ കേന്ദ്ര/സംസ്ഥാന ഇൻഫർമേഷൻ കമ്മീഷന്റെ അധികാരങ്ങളിൽപ്പെട്ടത് ഏത്?

(A) വ്യക്തികളെ വിളിച്ചുവരുത്തി നിർബന്ധപൂർവ്വം ഹാജരാക്കാനും സത്യപ്രതിജ്ഞ ചെയ്ത് മൊഴിയായിട്ടോ രേഖാമൂലമോ തെളിവു നൽകാൻ അവരെ നിർബന്ധിക്കാനുമുള്ള അധികാരം

(B) കൃത്യവിലോപം നടത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ക്രിമിനൽ നടപടി സ്വീകരിക്കാനുള്ള അധികാരം

(C) അഴിമതിയിൽ ഏർപ്പെടുന്ന സർക്കാർ ജീവനക്കാരെ വിചാരണ ചെയ്യാനുള്ള അധികാരം

(D) മുകളിൽ പറഞ്ഞിരിക്കുന്നത് ഒന്നുമല്ല

65. 2019-ലെ ഉപഭോക്തൃ സംരക്ഷണ നിയമം അനുസരിച്ച് ഉപഭോക്താവിന്റെ അവകാശങ്ങളിൽപ്പെടുന്നത് ഏത്?

(A) എല്ലാ ഉൽപ്പന്നങ്ങളുടെയും സാമ്പിളുകൾ സൗജന്യമായി ലഭിക്കുവാനുള്ള അവകാശം

(B) വിപണി നിരക്കിനേക്കാൾ കുറഞ്ഞ വിലയ്ക്ക് സാധനങ്ങളോ സേവനങ്ങളോ ആവശ്യപ്പെടാനുള്ള അവകാശം

(C) ഉൽപ്പന്നങ്ങളുടെയും സേവനങ്ങളുടെയും ഗുണമേന്മ, തൂക്കം, കാര്യക്ഷമത, പരിശുദ്ധി, വില എന്നിവയെക്കുറിച്ച് അറിയാനുള്ള അവകാശം

(D) ഉൽപ്പന്നത്തിന്റെ അവലോകനം സംബന്ധിച്ചുള്ള ചെലവുകൾ തിരികെ ലഭിക്കാനുള്ള അവകാശം

66. ദേശീയ മനുഷ്യാവകാശ കമ്മീഷനെ സംബന്ധിച്ച് ശരിയല്ലാത്തത് ഏത്?

(A) മനുഷ്യാവകാശങ്ങളെക്കുറിച്ചുള്ള ഉടമ്പടികളും മറ്റ് അന്താരാഷ്ട്ര നിയമങ്ങളും പഠിക്കാനും അവ ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള ശുപാർശകൾ നൽകാനും ഉള്ള അധികാരം.

(B) ഇന്ത്യയിലെ പൗരൻമാരെ മനുഷ്യാവകാശങ്ങളെക്കുറിച്ച് ബോധവൽക്കരിക്കാനുള്ള ചുമതല.

(C) ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ അധ്യക്ഷൻ മുൻ ഇന്ത്യൻ ചീഫ് ജസ്റ്റിസ്, മുൻ ഹൈക്കോടതി ചീഫ് ജസ്റ്റിസ്, മുൻ സുപ്രീം കോടതി ജഡ്ജി എന്നീ പദവികൾ വഹിച്ചിട്ടുള്ള വ്യക്തിയാകാം.

(D) മനുഷ്യാവകാശ മേഖലയിൽ ഗവേഷണം നടത്താനും പ്രോൽസാഹിപ്പിക്കാനും ഉള്ള അധികാരം.

67. 2012 - ലെ പോക്സോ നിയമനുസരിച്ച് താഴെപ്പറയുന്നവയിൽ ഏതാണ് ലൈംഗികാതിക്രമത്തിന്റെ പരിധിയിൽ വരുന്നത്?

(A) ലൈംഗിക ഉദ്ദേശത്തോടുകൂടി ഒരു കുട്ടിയെ നേരിട്ടോ, ഇലക്ട്രോണിക്, ഡിജിറ്റൽ അല്ലെങ്കിൽ മറ്റേതെങ്കിലും മാർഗത്തിലൂടെയോ നിരന്തരമായോ തുടർച്ചയായോ പിന്തുടരുകയോ കാണുകയോ ബന്ധപ്പെടുകയോ ചെയ്യുന്നത്.

(B) ആരെങ്കിലും ലൈംഗിക ഉദ്ദേശത്തോടെ ഒരു കുട്ടിയെ തന്റെ ശരീരമോ ശരീരത്തിന്റെ ഏതെങ്കിലും ഭാഗമോ ആ വ്യക്തിക്കോ മറ്റേതെങ്കിലും വ്യക്തിക്കോ കാണാൻ കഴിയുന്ന വിധത്തിൽ പ്രദർശിപ്പിക്കാൻ പ്രേരിപ്പിക്കുക.

(C) ആരെങ്കിലും ലൈംഗിക ഉദ്ദേശത്തോടെ കുട്ടി കേൾക്കണമെന്ന ഉദ്ദേശത്തോടും കൂടി ഏതെങ്കിലും വാക്ക് ഉച്ചരിക്കുകയോ, ശബ്ദമുണ്ടാക്കുകയോ കുട്ടി കാണണമെന്ന ഉദ്ദേശത്തോടും കൂടി ആംഗ്യം കാണിക്കുകയോ ഏതെങ്കിലും വസ്തുവോ ശരീരഭാഗമോ പ്രദർശിപ്പിക്കുകയോ ചെയ്യുന്നത്.

(D) മുകളിൽ പറഞ്ഞിരിക്കുന്നത് ഒന്നുമല്ല.

68. 2005-ലെ ഗാർഹിക പീഡനത്തിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമമനുസരിച്ച് പരാതിക്കാരിയും പ്രതിയും സംയുക്തമായോ പ്രതി ഒറ്റയ്ക്കോ ഇരുകക്ഷികളും ഉപയോഗിക്കുന്നതോ ആയ ആസ്തികൾ, ബാങ്ക് ലോക്കറുകൾ, ബാങ്ക് അക്കൗണ്ടുകൾ പ്രവർത്തിപ്പിക്കൽ, സ്ത്രീധനം ഉൾപ്പെടെ സംയുക്തമായോ വെവ്വേറെയോ കൈവശം വച്ചിരിക്കുന്ന മറ്റേതെങ്കിലും സ്വത്ത് മജിസ്ട്രേറ്റിന്റെ അനുമതിയില്ലാതെ അന്യാധീനപ്പെടുത്തുന്നത് വിലക്കി കൊണ്ടുള്ള ഉത്തരവ് താഴെപ്പറയുന്ന ഏത് ഉത്തരവിനോട് ബന്ധപ്പെട്ടിരിക്കുന്നു?

(A) സംരക്ഷണ ഉത്തരവ്

(B) താമസ ഉത്തരവ്

(C) ധനാശ്വാസ ഉത്തരവ്

(D) മേൽപ്പറഞ്ഞത് എല്ലാം

69. UNESCO - യുടെ ലോക പൈതൃക പട്ടികയിൽ 2025 - ൽ ഇന്ത്യയിൽ നിന്ന് നാമനിർദ്ദേശം ചെയ്യപ്പെട്ട താൽക്കാലിക പട്ടികയിൽ ഉൾപ്പെടുന്ന സ്ഥലങ്ങൾ ഏത്?

(A) കാംഗാർവാലി ദേശീയോദ്യാനം

(B) മുദുമൽ മെഗാലിത്തിക് മെൻഹിറുകൾ

(C) ചൗസത് യോഗിനി ക്ഷേത്രങ്ങൾ

(D) മേൽപ്പറഞ്ഞത് എല്ലാം

70. ഏകീകൃത സിവിൽ കോഡ് നടപ്പിലാക്കിയ ഇന്ത്യയിലെ പ്രഥമ സംസ്ഥാനം

(A) ഹിമാചൽ പ്രദേശ് (B) ഉത്തരാഖണ്ഡ്

(C) മഹാരാഷ്ട്ര (D) മധ്യപ്രദേശ്

71. നെഗറ്റീവ് 5 ൽ നിന്നും ഏത് നമ്പർ കുറച്ചാലാണ് നെഗറ്റീവ് 14 കിട്ടുക?

(A) 9 (B) 11

(C) –9 (D) –11

72. താഴെ തന്നിരിക്കുന്നവയിൽ വലുത് ഏത്?

(A) 48 ന്റെ 3/4 (B) 60 ന്റെ 4/5

(C) 48 ന്റെ 4/3 (D) 60 ന്റെ 5/4

73. ഒരു പെൻസിലിന്റെ വില 4.54 ആയാൽ അതുപോലുള്ള 30 പെൻസിലുകളുടെ വില?

(A) 162.30 (B) 136.30

(C) 136.20 (D) 163.30

74. READ എന്നാൽ # 4% 6, PAID എന്നാൽ $ %56 ആയാൽ RIPE = ————

(A) $4 #5 (B) #5 $4

(C) 4# $5 (D) 5$ #4

75. ORIEL : ROOM : : TENDON : ?

(A) Liver (B) Veins

(C) Muscles (D) Blood

76. അരുൺ തന്റെ ക്ലോക്കിൽ 6.PM ന് മണിക്കൂർ സൂചി വടക്കു ദിശയിലേക്ക് സെറ്റ് ചെയ്തു. അങ്ങനെ എങ്കിൽ 9.15 PM ന് ആ ക്ലോക്കിലെ മിനിട്ട് സൂചിയുടെ ദിശ ഏത്?

(A) പടിഞ്ഞാറ് (B) വടക്ക്

(C) തെക്ക് (D) കിഴക്ക്

77. + എന്നാൽ ÷ ഉം, – എന്നാൽ × ഉം, × എന്നാൽ + ഉം ആയാൽ

$100 + 10 - 20 \times 2 =$ ————

(A) 102 (B) 202

(C) 100 (D) 200

78. ഒറ്റയാനെ കണ്ടെത്തുക?

(A) 343 (B) 341
(C) 433 (D) 431

79. 5, 10, 15, 20, 25 എന്നീ സംഖ്യകളുടെ ശരാശരി എത്ര?

(A) 10 (B) 20
(C) 15 (D) 25

80. $2^{n+5} = 1024$ ആയാൽ x ന്റെ വില?

(A) 5 (B) 6
(C) 7 (D) 8

81. Choose the correct answer:

Christians go to church every Sunday, _______ they?

(A) didn't (B) don't
(C) won't (D) shouldn't

82. My brother is interested ______ reading science fictions.

(A) on (B) at
(C) from (D) in

83. I have been living in this house ______ the last ten years.

(A) since (B) from
(C) for (D) to

84. If you study well, you _______ pass the examination.

(A) will (B) would
(C) will have (D) would have

85. One of the boys ______ absent today.

(A) are (B) were
(C) have (D) is

86. I ______ Mumbai last year.

(A) have visited (B) visited
(C) have been visited (D) had visited

87. I _____ my new dress on my birthday.

(A) put up
(B) put off
(C) put up with
(D) put on

88. The antonym for 'amateur' is ______.

(A) professional
(B) strange
(C) indifferent
(D) honest

89. He has been elected to the ______.

(A) counsel
(B) council
(C) counsell
(D) councill

90. The synonym for "amiable" is _____.

(A) lively
(B) vigilant
(C) influential
(D) friendly

91. ശരിയായ പദം തിരഞ്ഞെടുക്കുക

(A) അപരാധി
(B) അതിഥി
(C) അശ്ലേഷം
(D) അനുഗൃഹം

92. ഭൂമിയുടെ പര്യായപദം അല്ലാത്തത് ഏത്?

(A) മേദിനി
(B) അവനി
(C) ജനനി
(D) ധരണി

93. ‘അങ്കുശം’ എന്നതിന്റെ വിപരീത പദം ഏത്?

(A) അപങ്കുശം
(B) നിരങ്കുശം
(C) അനങ്കുശം
(D) സങ്കുശം

94. കൺ + നീർ ചേർത്തെഴുതുക

(A) കൺനീർ
(B) കണ്ണീർ
(C) കണ്ണുനീർ
(D) കണ്ണ്നീർ

95. ശരിയായ വാക്യമേത്?

(A) രാമനും കൃഷ്ണനോ അവിടെ പോയില്ല
(B) ഓരോ ആളുകളും മുന്നോട്ട് വരണം
(C) മറ്റ് ഗത്യന്തരമില്ലാതെ അയാൾ തിരിച്ചടിച്ചു
(D) മുതിർന്നവരെ നാം ബഹുമാനിക്കണം

96. പ്രത്യുപകാരം പിരിച്ചെഴുതുക

(A) പ്രത്യു + പകാരം

(B) പ്രത്യുപ + കാരം

(C) പ്രതി + ഉപകാരം

(D) പ്രത്യു + ഉപകാരം

97. “As the seed, So the sprout” താഴെ കൊടുത്തവയിൽ സമാനമായ പരിഭാഷ ഏത്?

(A) കാലത്തേ വിതച്ചാൽ നേരത്തെ കൊയ്യാം

(B) വിതച്ചതേ കൊയ്യൂ

(C) വിത്തെടുത്തുണ്ണരുത്

(D) വിത്ത് ഗുണം പത്ത് ഗുണം

98. ഈ പദത്തിന്റെ സ്ത്രീലിംഗം ഏതാണ്? “കവി”

(A) കവിയത്രി

(B) കവയത്രി

(C) കവയിത്രി

(D) കവിയിത്രി

99. താഴെ കൊടുത്തവയിൽ അലിംഗ ബഹുവചനത്തിന് ഉദാഹരണമല്ലാത്ത പദം ഏത്?

(A) മക്കൾ

(B) ജനങ്ങൾ

(C) ആൺകുട്ടികൾ

(D) തൊഴിലാളികൾ

100. അറിയാനുള്ള ആഗ്രഹം എന്നതിന്റെ ഒറ്റപ്പദം എടുത്തെഴുതുക.

(A) പിപാസ

(B) ജിജ്ഞാസ

(C) പിപഠിഷ

(D) ആകാംക്ഷ

## SPACE FOR ROUGH WORK

## SPACE FOR ROUGH WORK